# എൻ.എസ്.എസ്. ഓഫ് നോർത്ത് അമേരിക്കയുടെ ആവിർഭാവം



2010 മാർച്ചുമാസം 27–ാം തീയതി അമേരിക്കയിലും കാനഡായിലുമുള്ള ഏഴു നായർ പ്രസ്ഥാനങ്ങളെ ഒരുമിച്ചുകൂട്ടി ന്യൂയോർക്കിൽ “വേൾഡ് ഫെയർ മെറീനയിൽ'' വച്ച് ഏഴു സംഘടനാ പ്രതിനിധികൾ കൂടി ഭദ്രദീപം തെളിയിച്ചുകൊണ്ട് എൻ.എസ്.എസ്. ഓഫ് നോർത്ത് അമേരിക്കയ്ക്ക് ബീജാവാപം ചെയ്തു. നായർ ബനവലന്റ് അസോസിയേഷൻ (എൻ.ബി.എ ന്യൂയോർക്ക്) പ്രസിഡന്റ് ഗോപിനാഥക്കുറുപ്പ്, എൻ. എസ്.എസ്. വാഷിംഗ്ടൺ ഡി.സി. വൈസ് പ്രസിഡന്റ് വിജയ് പരമേശ്വരൻ, എൻ.എസ്.എസ്. ഫിലാഡൽഫിയ പ്രസിഡന്റ് ഗോപാലകൃഷ്ണൻ നായർ, എൻ. എസ്. എസ്. ഡലവെയർ വാലി പ്രസിഡന്റ് ശിവൻ പിള്ള, എൻ.എസ്.എസ്. ഹ്യൂസ്റ്റൻ ടെക്സാസ് ആറന്മുള ഗോപാലകൃഷ്ണൻ നായർ, എൻ.എസ്.എസ്. ഡാളസ് കെ. ജി. മന്മഥൻ നായർ, എൻ.എസ്.എസ്. കാനഡ പ്രസിഡന്റ് ശശിധരൻ നായർ എന്നിവർ ഏഴു സംഘടനകളെ പ്രതിനിധീകരിച്ച് ഭദ്രദീപം കൊളുത്തി പ്രവർത്തനം ആരംഭിച്ചു.

എൻ.ബി.എ. പ്രസിഡിന്റ് ഗോപിനാഥ് കുറുപ്പിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രാരംഭയോഗത്തിൽ നികിതാ മേനോൻ പ്രാർത്ഥനാഗീതം ആലപിക്കുകയും ജയപ്രകാശ് നായർ സ്വാഗതം ആശംസിക്കുകയും ചെയ്തു. ട്രസ്റ്റീ ബോർഡ് ചെയർമാൻ ജി.കെ. നായർ അമേരിക്കയിലെയും കാനഡയിലെയും നായർ സമുദായാംഗങ്ങളെ ഒരു കുടക്കീഴിൽ ഒന്നിച്ചുകൊണ്ടുവരേണ്ട ആവശ്യകതയെക്കുറിച്ചു വിശദീകരിക്കുകയും ദീർഘകാലമായി ഇങ്ങനെയൊരു പ്രസ്ഥാനം തുടങ്ങുന്നതിനുവേണ്ടി പലരും ശ്രമിച്ചിരുന്നുവെങ്കിലും ഇപ്പോൾ മാത്രമാണത് സാധിതപ്രായമായതെന്നും അഭിപ്രായപ്പെട്ടു. ഒരു ഗ്ലോബൽ നായർ സംഘടനയുടെ ആവശ്യകതയെപ്പറ്റി കെ.ജി.മന്മഥൻ നായർ അഭിപ്രായപ്പെടുകയും ഉണ്ടായി. അന്നു കൂടിയ യോഗത്തിൽ, നാനാത്വത്തിൽ ഏകത്വം ദർശിക്കുന്ന ഭാരതീയ സംസ്കാരവും പൈതൃകവും തനതായ സംസ്കാരവും സംസ്കൃതിയും കൈമോശം വരാതെ വരുംതലമുറയ്ക്ക് പകർന്നുകൊടുത്തുകൊണ്ട് അവരെ സമുദായത്തിനും രാഷ്ട്രത്തിനും ഉതകുന്ന ഉത്തമപൗരന്മാരാക്കി വളർത്തിയെടുക്കുകയെന്ന ഉദ്ദേശത്തോടുകൂടി എൻ.എസ്.എസ്. ഓഫ് നോർത്ത് അമേരിക്ക പ്രവർത്തിക്കണമെന്നും നായർ സംഘടനകൾ നിലവിലില്ലാത്ത പ്രദേശങ്ങളിൽ സംഘടനകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തിക്കൊണ്ട് മുന്നേറുവാനും യോഗം തീരുമാനിച്ചു.

സംഘടനാ പ്രവർത്തനങ്ങൾ തുടർന്നു നടത്തുന്നതിനുവേണ്ടി ഗോപിനാഥ് കുറുപ്പ് (ന്യൂയോർക്ക്) കൺവീനറായും, കെ.ജി.മന്മഥൻ നായർ (ഡാളസ്) അഡ്ഹോക് കമ്മിറ്റി ചെയർമാനായും സുനിൽ നായർ (ന്യൂയോർക്ക്) അഡ്ഹോക് കമ്മിറ്റി സെക്രട്ടറിയായും, പങ്കെടുത്ത ഏഴു അസോസിയേഷൻ പ്രതിനിധികളെ എക്സിക്യൂട്ടീവായും ഒരു അഡ്ഹോക് കമ്മിറ്റിക്ക് രൂപം നൽകി. നിയമാവലി തയ്യാറാക്കുക, സംഘടന രജിസ്റ്റർ ചെയ്യുക മറ്റു സ്ഥലങ്ങളിൽ സംഘടനകൾ രൂപീകരിക്കുക തുടങ്ങിയ പ്രാരംഭ പ്രവർത്തനങ്ങളുടെ ചുമതല ഈ കമ്മിറ്റിക്കു നൽകുകയുണ്ടായി.

എൻ.എസ്.എസ്. ഓഫ് നോർത്ത് അമേരിക്കയുടെ ആദ്യ ഏകദിന കൺവൻഷൻ 2011 ഏപ്രിൽ 2–ന് ന്യൂയോർക്കിൽ ഗ്ലെൻ ഓക്സ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. അമേരിക്കയിലും കാനഡയിലുമുള്ള അസോസിയേഷൻ പ്രതിനിധികളും കുടുംബാംഗങ്ങളും അടങ്ങുന്ന ഒരു വലിയ സദസ്സ് ഈ സമ്മേളനത്തിൽ പങ്കെടുത്തു. അമേരിക്കയിൽ എൻ.എസ്.എസ്. പ്രസ്ഥാനത്തിനു രൂപം കൊടുത്ത സംഘടനാ പ്രതിനിധികൾ ഭദ്രദീപം തെളിയിച്ചുകൊണ്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് ശ്രീമതി ദേവകിയമ്മ, നമ്മുടെ ആദ്ധ്യാത്മിക ഗുരുവായ ശ്രീ വിദ്യാധിരാജ പട്ടാഭിരാമ പരമഹംസ ചട്ടമ്പി സ്വാമികളെക്കുറിച്ചുള്ള ഗുരുവന്ദനവും, സമുദായാചാര്യൻ ഭാരതകേ

സരി ശ്രീ മന്നത്തു പത്മനാഭനെക്കുറിച്ചുള്ള വന്ദന ശ്ലോകവും ആലപിച്ചു. നൂപുരാ ആർട്ട്സിലെ കലാകാരികളുടെ പ്രാർത്ഥനാഗീതത്തോടെയും പൂജാനൃത്തത്തോടെയും സമ്മേളനം ആരംഭിച്ചു.

കൺവീനർ ഗോപിനാഥ് കുറുപ്പ് സദസ്സിനു സ്വാഗതം ആശംസിച്ചുകൊണ്ട് നായർ ഐക്യത്തിന്റെ ആവശ്യകതയെപ്പറ്റിയും 2010 മുതൽ അന്നേവരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിച്ചു.

അഡ്ഹോക് കമ്മിറ്റി ചെയർമാൻ മന്മഥൻ നായർ സംഘടനയുടെ നിയമാവലി അവതരിപ്പിച്ചത് പ്രതിനിധി സമ്മേളനം ഐകകണ്ഠേന പാസാക്കി. സംഘടനയുടെ രജിസ്ട്രേഷൻ ടെക്സാസിൽ നടത്തിയതായും അദ്ദേഹം സദസ്സിനെ അറിയിച്ചു. എൻ.എസ്.എസ്. ഓഫ് നോർത്ത് അമേരിക്കയുടെ വെബ് സൈറ്റായ www.nssona.org ന്റെ ഉദ്ഘാടനം ഡോ. പി.ജി. നായർ നിർവഹിച്ചു. ആദ്യത്തെ ദ്വൈവാർഷിക കൺവൻഷൻ 2012-ൽ ഡാളസിൽ വച്ച് നടത്തുന്നതിനു തീരുമാനിക്കുകയും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ഉണ്ടായി.

## Board of Directors

1. Manmadhan Nair, Dallas - President
2. Gopi Nath Kurup, New York - Vice President
3. Ajith Nair, Houston - General Secretary
4. Sasidharan Nair, Canada - Jt. Secretary
5. Saji Nair, Dallas - Treasurer
6. Rajesh Nair, Houston - Jt. Treasurer

**NSSONA Registrar**

Sasidharan Nair, Canada

## Executive Committee

7. Sunil Nair, New York
8. Ganesh Nair, New York
9. Rajagopal Kunnappallil, New York
10. Suresh Nair, Pennsylvania
11. Rajesh Nair, Pennsylvania
12. Revathi Nair, New York
13. Narayanankutty Nair, Washington DC
14. Sathya Menon, Washington DC
15. Sanal Gopi, Washington DC
16. Harikumar Nayar, Toronto
17. Hemalatha Rajendran, Toronto
18. Mallika Panicker, Dallas
19. Remani Kumar, Dallas
20. Pramod Nair, Dallas
21. Reshmi Vikas, Dallas
22. Sivan Pillai, Delaware Valley
23. Suresh Nair, New York
24. Sreekumar Unnithan, New York
25. Vijayakumar Nair, New Jersey

## Advisory Board

1. Dr. A.K.B. Pillai, New York - Chairman
2. G.K. Nair, New York - Co-Chairman
3. Appukuttan Nair, New York
4. Padmakumar, New York
5. Chandran Panicker, Houston
6. Preetha Nambiar, New York
7. Vijay Parameswaran, Washington DC
8. Ramachandran Nair, Philadalphia
9. Raghunathan Nair, New York

## Constitution Review Committee

1. Appukuttan Nair, New York - Chairman
2. Gopalan Nair, Pennsylvania
3. Jayaprakash Nair, New York
4. Narayanankutty Nair, Washington DC